● വി.എ മുഹമ്മദ് അശ്റഫ്



# സെന്റ് കാതറൈൻ ചർച്ചും നബിയുടെ മതസൗഹാർദ്ദ മാർഗരേഖയും

പരസ്പര സംഘർഷങ്ങളുടെ കഥകൾ മാത്രമാണ് സമുദായങ്ങൾ പലപ്പോഴും പറത്തിക്കൊണ്ടിരിക്കുന്നത്. സംഘർഷങ്ങൾ മാത്രമല്ല, ബാന്ധവത്തിന്റെ കഥനങ്ങളും സമുദായങ്ങൾക്കിടയിൽ പലപ്പോഴും കാണാം. അത്തരത്തിലൊന്നാണ് ക്രൈസ്തവ-മുസ്‌ലിം ചരിത്രപാരമ്പര്യങ്ങളെയും പരസ്പര ബന്ധത്തെയും ഒരുപോലെ ത്രസിപ്പിച്ചുനിർത്തുന്ന സെന്റ് കാതറൈൻ ചർച്ചും അതോടനുബന്ധിച്ച സന്ന്യാസി മഠവും.

ഈജിപ്തിന്റെ തലസ്ഥാനമായ കൈറോയിൽ നിന്ന് 239 മൈൽ അകലെ സ്ഥിതിചെയ്യുന്ന സെന്റ് കാതറൈൻ ചർച്ച് ഇന്ന് നിലനില്ക്കുന്ന ഏറ്റവും പുരാതനമായ ക്രൈസ്തവ സന്ന്യാസി മഠമാണ്. പ്രാചീന കയ്യെഴുത്ത് പ്രതികൾ ഏറ്റവുമധികമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ലോകത്തെ രണ്ടാമത്തെ പ്രധാന കേന്ദ്രമാണിവിടം. (പ്രാചീന രേഖകളുടെ സംഖ്യയിൽ വത്തിക്കാനാണ് പ്രമുഖ സ്ഥാനം അലങ്കരിക്കുന്നത്.)

ഏതാണ്ട് 5750 സ്‌ക്വയർ കിലോമീറ്റർ വിസ്തീർണ്ണത്തിൽ സെന്റ് കാതറൈൻ എന്ന സ്ഥലം പരന്നുകിടിക്കുന്നു. ദക്ഷിണ സീനായുടെ 20% വരും ഈ പ്രദേശം. സമുദ്രനിരപ്പിൽ നിന്ന് 2624 മൈൽ മുകളിൽ സ്ഥിതി ചെയ്യുന്ന ഇവിടം ഈജിപ്തിന്റെ ഏറ്റവും ഉയർന്ന പ്രദേശം കൂടിയാണ്.

ഒരു സഹസ്രാബ്ദത്തിലേറെയായി ക്രൈസ്തവരുടെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണിത്. ബൈസാന്റിയൻ കല, ശില്പം എന്നിവയുടെ ഉദാത്തമായ മാതൃക കൂടിയാണ് സെന്റ് കാതറൈൻ സന്ന്യാസി മഠം. ഗ്രീക്ക് ഓർത്തഡോക്സ് ക്രിസ്ത്യൻ സഭക്ക് കീഴിൽ ചർച്ച് ഓഫ് ദി സീനായ് എന്ന സ്വതന്ത്രഭരണസഭയാണ് പണ്ടുകാലം മുതലേ ഈ സന്ന്യാസി മഠം ഭരിക്കുന്നത്.

**ചരിത്ര പ്രാധാന്യം**

ഈജിപ്തിലെ സീനാ ഉപദ്വീപിൽ സീനാ മലയുടെ താഴ്‌വരയിലാണ് സെന്റ് കാതറൈൻ ചർച്ച് സ്ഥിതി ചെയ്യുന്നത്. ഈ ചർച്ചുമായി ബന്ധപ്പെട്ട മഠം സ്ഥിതി ചെയ്യുന്ന പ്രദേശത്ത്വെച്ചാണ് മോശക്ക് പത്ത് കല്പന

കൾ ലഭിച്ചതെന്ന് പറയപ്പെടുന്നു. മിദിയൻ(മദ്യൻ) എന്ന ബൈബിൾ പ്രദേശം ഇതിനടുത്ത് തന്നെയാണ്.

മുസ്‌ലിംകൾ ഈ സന്ന്യാസി മഠം നില്ക്കുന്ന പ്രദേശത്തെ ജബൽ മൂസ (മൂസയുടെ പർവ്വതം) എന്ന് പേരിട്ട് ആദരിച്ചുപോരുന്നു. മോശക്ക് ഏടുകൾ നല്കപ്പെട്ട പ്രദേശമെന്ന നിലക്ക് ജൂതർക്കും ഇത് ചരിത്രപരമായി പ്രാധാന്യമർഹിക്കുന്നയിടമാണ്. മോശ തീ കണ്ട സംഭവം ബൈബിളിലും (പുറപ്പാട് 3:2-4), ഖുർആനിലും (20:10-48) ചിത്രീകരിക്കുന്നുണ്ട്. ചുരുക്കത്തിൽ സെന്റ് കാതറൈൻ പ്രദേശം മുഴുക്കെ ജൂത-ക്രൈസ്തവ-ഇസ്‌ലാം എന്നീ മൂന്ന് മതവിഭാഗങ്ങൾക്കും വിശുദ്ധമാണ്.

ഒട്ടുവളരെ ചരിത്രസംഭവങ്ങളും, ശ്രുതികളും, ഐതിഹ്യങ്ങളും ഈ പ്രദേശവുമായി ബന്ധപ്പെട്ട് പ്രചാരത്തിലുണ്ട്. മിലാൻ പ്രഖ്യാപനത്തോടെയാണ് (ക്രിസ്ത്വബ്ദം 313) ക്രൈസ്തവർക്കെതിരായ പീഡനങ്ങൾക്ക് റോമാ സാമ്രാജ്യത്തിൽ അറുതി വന്നത്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ (272-337) മാതാവ് ഹെലെന ഇവിടം സന്ദർശിച്ചിരുന്നതായി കരുതപ്പെടുന്നു. ക്രിസ്ത്വബ്ദം 337നും 342നുമിടക്കായിരുന്നുവത്രെ ഇത്. ഹെലെനയുടെ നിർദ്ദേശാനുസരണമാണത്രെ വിശുദ്ധ മർയമിന്റെ പേരിൽ ഒരു ദേവാലയം ആദ്യമായി ഇവിടെ പണിതുയർത്തപ്പെട്ടത്. അതുകൊണ്ട് ആദ്യം ഈ ചർച്ച് സെന്റ് ഹെലെൻസ് ചാപ്പൽ എന്നറിയപ്പെട്ടിരുന്നു. ഏറെ വൈകാതെ ഇവിടെ അമലോത്ഭവ മാതാവിന്റെ (മർയം) നാമധേയത്തിൽ ഒരു വലിയ ചർച്ച് ഉയർന്നുവന്നു.[1]

ഈ കാലഘട്ടത്തിൽത്തന്നെ ഐശ്വര്യങ്ങളൊക്കെ കയ്യൊഴിച്ച് ആത്മീയ ജീവിതം നയിക്കാനുള്ള വിശുദ്ധ അന്തോണിയുടെ (251-356) ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ക്രൈസ്തവ സന്ന്യാസ പ്രസ്ഥാനം ശക്തിപ്പെട്ടിരുന്നു. ഇതിന്റെ തുടർച്ചയായി സെന്റ് കാതറൈൻ പ്രദേശത്ത് ഒരു സന്ന്യാസി മഠം രൂപംകൊണ്ടു.

അമലോത്ഭവ മാതാവിന്റെ നാമത്തിൽ നിന്ന് വിശുദ്ധ കാതറൈൻ എന്ന പേര് ചർച്ചിനും മഠത്തിനും ലഭ്യമായതെങ്ങനെയാണ്? ക്രൈസ്തവ പാരമ്പര്യമനുസരിച്ച് അലക്സാണ്ടറിയൻ ചക്രവർത്തിയായ മാക്സെൻഷ്യാസിന്റെ വിവാഹാഭ്യർത്ഥന നിരസിച്ചതിനെത്തുടർന്ന് കാതറൈൻ എന്ന വിശുദ്ധ, വധശിക്ഷക്ക് വിധിക്കപ്പെടുകയായിരുന്നുവത്രെ.[2] ആദ്യം ചക്രം കയറ്റിക്കൊല്ലാനായിരുന്നു ശ്രമം. അത് പരാജയപ്പെട്ടപ്പോൾ അവരുടെ തലയറുത്തുമാറ്റുകയും പിന്നീട് ഭൗതികാവശിഷ്ടങ്ങൾ മാലാഖമാർ സീനായ് മലയിലെത്തിച്ചുവെന്നുമാണ് ക്രൈസ്തവർക്കിടയിൽ നിലനില്ക്കുന്ന പാരമ്പര്യ ധാരണ.

6-ാം നൂറ്റാണ്ടിൽ ബൈസന്റൈൻ ചക്രവർത്തിയായിരുന്ന ജസ്റ്റീനിയാനസ് (ഭരണം 527-565) ആണ് ഇന്ന് കാണുന്ന രൂപത്തിൽ ഒരു ക്രൈസ്തവ മഠം അവിടെ സ്ഥാപിച്ചത്. പിന്നീട് കിഴക്കൻ രാജ്യങ്ങളിലെ ക്രൈസ്തവ വിശ്വാസികളുടെ ആസ്ഥാനവും ക്രൈസ്തവ പഠന കേന്ദ്രവുമായി ഇത് മാറി.

■

**ഈജിപ്തിന്റെ തലസ്ഥാനമായ കൈറോയിൽനിന്ന് 239 മൈൽ അകലെ സ്ഥിതിചെയ്യുന്ന സെന്റ് കാതറൈൻ ചർച്ച് ഇന്ന് നിലനില്ക്കുന്ന ഏറ്റവും പുരാതനമായ ക്രൈസ്തവ സന്ന്യാസി മഠമാണ്. പ്രാചീന കയ്യെഴുത്ത് പ്രതികൾ ഏറ്റവുമധികമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ലോകത്തെ രണ്ടാമത്തെ പ്രധാന കേന്ദ്രമാണിവിടം. (പ്രാചീന രേഖകളുടെ സംഖ്യയിൽ വത്തിക്കാനാണ് പ്രഥമ സ്ഥാനം അലങ്കരിക്കുന്നത്.)**

ക്രിസ്ത്വബ്ദം 545ൽ പോസ്റ്റിലിയനോസ് രാജാവ്, സീനായിലെ ക്രൈസ്തവ സന്ന്യാസികൾക്കായി ഒരു കോട്ട പണിതു. തുടർന്ന് യേശുവിന്റെ കാലത്തോളമെത്തുന്ന പുരാതന അവശിഷ്ടങ്ങൾ അടങ്ങിയ രേഖകൾ സൂക്ഷിക്കുന്ന ഒരു ഭാഗം ഇതോടനുബന്ധിച്ച് നിർമ്മിച്ചു. അന്ന് ലഭ്യമായ അനേകം ഗ്രന്ഥങ്ങളും ഇവിടെ സൂക്ഷിച്ചുവന്നു.

രക്തസാക്ഷിയായ വിശുദ്ധ കാതറൈന് പുറമെ സീനായിൽ നിന്നുള്ള 170ലേറെ വിശുദ്ധന്മാർ കൂടി ചർച്ചിൽ ആദരിക്കപ്പെടുന്നുണ്ട്. ദിവ്യാവസ്ഥയിലേക്ക് കയറാനുള്ള കോണിപ്പടി എന്ന കൃതിയുടെ കർത്താവ് സെന്റ് ജോൺ ക്ലൈമാക്കസും (525-606) ഇതിൽ ഉൾപ്പെടുന്നു.

മിക്ക വിഭാഗം ക്രൈസ്തവരും പുണ്യസ്ഥലമായി സെന്റ് കാതറൈൻ സന്ന്യാസിമഠത്തെ കരുതിയിരുന്നു. 1054ൽ കിഴക്കൻ ഓർത്തഡോക്സ് സഭ, പടിഞ്ഞാറൻ കാത്തോലിക്കൻ സഭ എന്നിങ്ങനെ പിളരുന്നതിനുമുമ്പ് പോപ്പ് ഗ്രിഗറി ഒന്നാമൻ (540-604) ഈ സന്ന്യാസി മഠത്തിന്റെ വലിയ ഉപാസകനായിരുന്നു.[3] ഭിന്നിപ്പിന് ശേഷവും പടിഞ്ഞാറൻ യൂറോപ്പിൽനിന്നുള്ള പ്രതിനിധികളെ ആദരപൂർവ്വമാണ് ഇവിടെ സ്വീകരിക്കപ്പെടുന്നത്.

സ്പെയിനിലെ ഇസബെല്ല രാജ്ഞി (1451-1504), ജർമ്മനിയിലെ മാക്സിമിലിയാൻ ചക്രവർത്തി (1832-1867), ഫ്രാൻസിലെ ലൂയി 14-ാമൻ (1638-1715) എന്നിവരൊക്കെ ഈ മഠത്തിന് സമ്മാനങ്ങൾ അർപ്പിച്ചവരാണ്.[4] കൂടാതെ പോപ്പ് ഗ്രിഗറി 10-ാമനും (വാഴ്ച:1271-1276), പോപ്പ് ജോൺ 22-ാമനും (വാഴ്ച: 1316-1334), പോപ്പ് ഹോളോറിയസ് 3-ാമനും (1217), പോപ്പ് ബെനഡിക്ട്



MS 2530
Syriac estrangela book script. Syria(?), late 5th c.

12-ാമനും, പോപ്പ് ഇന്നസെന്റ് 6-ാമനും (1360) സെന്റ് കാതറൈൻ മൊണാസ്റ്ററിയുടെ മഹത്വത്തെ ഊന്നിപ്പറഞ്ഞുകൊണ്ട് ഫണ്ട് സമാഹരണത്തിൽ സഹകരിച്ചിട്ടുണ്ട്.

കുരിശുയുദ്ധങ്ങൾ ഈ മഠത്തെക്കുറിച്ച് ഖ്യാതി കൂടുതലായി വ്യാപിപ്പിക്കുകയായിരുന്നു. ഏറെ വിഷമകരമായ യാത്ര ചെയ്തുപോലും തീർത്ഥാടകർ ഇവിടെയെത്തി.

**മുഹമ്മദ് നബിയുടെ വാഗ്ദാന പത്രം**

മുസ്‌ലിങ്ങളും ക്രൈസ്തവരും തമ്മിൽ നിലനിൽക്കേണ്ട പരസ്പര ബാന്ധവത്തിനുതകുന്ന പാലം നിർമ്മിക്കുന്നതിന് പ്രാധാന്യം നല്കിക്കൊണ്ടുള്ള ഒരു വാഗ്ദാന പത്രം ക്രിസ്ത്വബ്ദം 626ൽ പുറപ്പെടുവിക്കപ്പെട്ടു. ഹിജ്റ 4-ാം വർഷത്തിൽ സീനായിൽ നിന്നെത്തിയ ഒരു ക്രൈസ്തവ നിവേദക സംഘത്തിനായിരുന്നു മുഹമ്മദ് നബി ഈ അവകാശപത്രിക എഴുതിക്കൊടുത്തത്. ലാറ്റിനിൽ ഈ രേഖ അഹിത്നാമെ (പ്രതിരോധ വാഗ്ദാനം) എന്നാണ് അറിയപ്പെടുന്നത്.

സെന്റ് കാതറൈൻ മൊണാസ്റ്ററിയുടെ ഔദ്യോഗിക വെബ്സൈറ്റിൽതന്നെ പ്രവാചകൻ നല്കിയ സംരക്ഷണ വാഗ്ദാനം അഭിമാനപൂർവ്വം പ്രദർശിപ്പിച്ചിരിക്കുന്നു.[5] സന്ന്യാസി മഠത്തിലുള്ള ഒരു രേഖയിൽ ഓട്ടോമൻ ഭരണാധികാരിയായിരുന്ന സുൽത്താൻ സലീം (1470-1520) ഈ വാഗ്ദാന പത്രത്തിന്റെ ഒറിജിനൽ പ്രതി 1517ൽ ഇസ്താംബൂളിലേക്ക് കൊണ്ടുപോയി എന്നും സന്ന്യാസി മഠത്തിൽ ഇപ്പോഴുള്ളത് അതിന്റെ കോപ്പിയാണെന്നും പറയുന്നു.

വിഖ്യാത ഓറിയന്റലിസ്റ്റ് ചിന്തകൻ ജോൺ ഡാവൻപോർട്ട് (1789-1873) എഴുതിയ മുഹമ്മദിനും ഖുർആനും വേണ്ടിയുള്ള ന്യായവാദംഎന്ന 1869ൽ പുറത്തിറങ്ങിയ കൃതിയിൽ[6] പ്രത്യക്ഷപ്പെടുന്ന പ്രസ്തുത രേഖയുടെ മലയാള ഭാഷാന്തരമാണ് ചുവടെ ചേർക്കുന്നത്:

1. ഈ പ്രമാണത്തിലെ വാഗ്ദാനങ്ങളും പ്രതിജ്ഞകളും ലംഘിക്കുന്നവൻ ദൈവധിക്കാരിയായതിനാൽ അവന്റെ മേൽ ശാപം പതിക്കും; അതു രാജാവാകട്ടെ, പ്രജയാകട്ടെ.
2. ക്രൈസ്തവ സന്ന്യാസി, അവന്റെ യാത്രയിൽ മലയുടെ മുകളിലോ, ഗ്രാമത്തിലോ, നദിയിലോ, മരുഭൂമിയിലോ, കോൺവെന്റിലോ, ചർച്ചിലോ എവിടെയായിരുന്നാലും അവർക്ക് എന്റെയും മുസ്‌ലിംകളുടെയും പൂർണ്ണമായ സംരക്ഷണമുണ്ടാകും. എന്തെന്നാൽ അവർ എന്റെ സമൂഹത്തിന്റെ ഭാഗവും അവർ എനിക്ക് അഭിമാനവുമാണ്.
3. അവരിൽനിന്ന് യാതൊരുവക നികുതിയും പിരിക്കാവതല്ല; ഇത്തരം ഒരു കാര്യത്തിലും അവരെ നിർബ്ബന്ധിക്കാവതുമല്ല.
4. അവരുടെ ജഡ്ജിമാരെയോ, ഗവർണർമാരെയോ ആരും ബലപ്രയോഗത്തിലൂടെ മാറ്റരുത്. ഇത്തരത്തിലുള്ള ഒരു സമ്മർദ്ദവും അവരുടെ മേൽ പ്രയോഗിക്കരുത്.
5. അവരുടെ സഞ്ചാരവേളകളിൽ അവർ ഒരു നിലക്കും ഉപദ്രവിക്കപ്പെടരുത്.
6. അവർ കൈവശം വെക്കുന്ന ചർച്ചുകളുടെ അധികാരം പൂർണ്ണമായും അവരുടെ ഉടമസ്ഥതയിൽ തന്നെയായിരിക്കും; ആർക്കും അവരിൽനിന്നത് നിർബന്ധപൂർവ്വം പിടിച്ചെടുക്കാനവകാശമില്ല.
7. എന്റെ ഈ ഉത്തരവുകൾ ലംഘിക്കുന്നവർ ദൈവത്തിന്റെ ആജ്ഞയെ ആണ് ലംഘിക്കുന്നത്.
8. ജഡ്ജിമാരോ, ഗവർണർമാരോ, സന്ന്യാസിമാരോ, സേവകരോ, അനുയായികളോ ഒരു തരത്തിലുള്ള സംരക്ഷണ നികുതിയും കൊടുക്കേണ്ടതില്ല. അവർ കിഴക്കോ പടിഞ്ഞാറോ കടലിലോ കരയിലോ എവിടെയായിരുന്നാലും എന്റെ സംരക്ഷണത്തിനു കീഴിലായിരിക്കും.
9. പർവ്വതപ്രദേശങ്ങളിൽ ഏകാന്തമായി കഴിയുന്നവരുടെ വരുമാനത്തിന് ജിസ്‌യഃയോ മറ്റുവിധ നികുതികളോ ചുമത്താവതല്ല.
10. എന്നാൽ ധാരാളം ഫലഭൂയിഷ്ഠമായ വിളകൾ കൊയ്യപ്പെടുമ്പോൾ അതിൽനിന്ന് ചെറിയൊരു വിഹിതം അവർ അടക്കണം.
11. യുദ്ധത്തിനു പോകാൻ അവർ നിർബന്ധിക്കപ്പെടാവതല്ല; യുദ്ധവേളയിൽ പ്രത്യേകമായ ജിസ്‌യഃ ഒന്നും അവർ അടക്കേണ്ടതുമില്ല.

(മേൽപ്പറഞ്ഞ 11 ഖണ്ഡികകൾ ക്രൈസ്തവ സന്ന്യാസിമാരെ സംബന്ധിച്ചുള്ളതാണ്. ഇനിയുള്ള 7 ഖണ്ഡികകൾ എല്ലാ ക്രൈസ്തവരുമായും ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്.)

12. നല്ല സാമ്പത്തിക വരുമാനമുള്ള ക്രൈസ്തവർ 12 ഡ്രച്ച്മാസ് (ഒരു ചെറിയ തുക) ജിസ്‌യഃ (സംരക്ഷണ നികുതി) നൽകണം.

13. ഇതിലുപരി അവരിൽനിന്നും ഒന്നുംതന്നെ ഈടാക്കാവതല്ല. ഇക്കാര്യത്തിൽ പ്രത്യേക ദൈവിക നിർദ്ദേശമുണ്ടെന്ന് ഓർക്കുക.

14. ഏതെങ്കിലും ക്രൈസ്തവ വനിത മുസ്‌ലിമിനെ വിവാഹം കഴിക്കാനിടയായാൽ, ചർച്ച് സന്ദർശനം, പ്രാർത്ഥനാ നിർവ്വഹണം എന്നിവയടക്കമുള്ള അവളുടെ സമ്പൂർണ്ണമായ മതസ്വാതന്ത്ര്യം ഉറപ്പ് വരുത്തേണ്ടതുണ്ട്.

15. അവരുടെ ചർച്ച് പുനഃർനിർമ്മാണങ്ങളെ ആരും തടയരുത്.

16. ആരെങ്കിലും തടഞ്ഞാൽ അവർ ദൈവ ധിക്കാരമാകും പ്രവർത്തിക്കുക. ഇതുമുഖേന ദൈവേഛപ്രകാരമുള്ള നിർദ്ദേശം സ്വീകരിക്കുന്ന ദൈവദൂതനെ അവർ നിന്ദിക്കുകയാകും ചെയ്യുക.

17. അവർക്കെതിരെ ആരും ആയുധം ഉപയോഗിക്കരുത്; ഒരു മുസ്‌ലിമും അവനോട് (ക്രൈസ്തവനോട്) യുദ്ധം ചെയ്യരുത്.

18. എന്റെ എല്ലാ അനുയായികളും അന്ത്യനാൾവരെ ഈ വാഗ്ദാനം പാലിക്കാൻ ബാദ്ധ്യസ്ഥരാണ്.
ഒട്ടേറെ പ്രാചീന മുസ്‌ലിം രേഖകളിലും ഈ വാഗ്ദാന പത്രത്തെക്കുറിച്ച സൂചനകൾ ലഭ്യമാണ്.[7]

4-ാം ഖലീഫ അലിയ്യുബ്നു അബീതാലിബിന്റെ കൈപ്പടയിലുള്ള ഈ രേഖക്ക് അലിക്ക്പുറമെ, ഉമർ ഇബ്നുൽ ഖത്ത്വാബ് അടക്കമുള്ള 12 പേർ സാക്ഷികളായി ഒപ്പുവച്ചിരിക്കുന്നു.

* * * * * * * * * *

ദക്ഷിണ അറേബ്യയിലെ പ്രമുഖ ക്രൈസ്തവ വിഭാഗങ്ങൾ നജ്റാനിലാണ് വസിച്ചിരുന്നത്. ഹിജ്റഃ പത്താം വർഷം നജ്റാനിലെ ക്രൈസ്തവർക്ക് ഏതാണ്ട് മേല്പ്പറഞ്ഞ രേഖയോട് സമാനത പുലർത്തുന്ന പദപ്രയോഗങ്ങളടങ്ങിയ ഒരവകാശപത്രികയുടെ തെളിവുകൾ ഇറാഖിലെ ഒരു ക്രൈസ്തവ സന്ന്യാസി മഠത്തിൽനിന്ന് ക്രിസ്ത്വബ്ദം 878ൽ കണ്ടുകിട്ടി. അതിലെ വരികൾ ചുവടെ ചേർക്കുന്നു:

പരമകാരുണികനും കരുണാവാരിധിയുമായ ദൈവത്തിന്റെ നാമത്തിൽ. ദൈവത്തിന്റെ ദൂതൻ മുഹമ്മദ് നജ്റാനിലെ ജനങ്ങൾക്ക് നല്കുന്ന പ്രമാണം. നജ്റാനിലെയും അയൽപ്രദേശങ്ങളിലെയും ജനങ്ങൾക്ക് ഈ പ്രമാണം ബാധകമാണ്. അവരുടെ ജീവനും അഭിമാനത്തിനും വസ്തുവഹകൾക്കും ദൈവത്തിന്റെയും അവന്റെ പ്രവാചകന്റെയും സംരക്ഷണമുണ്ട്. ഈ വാഗ്ദാനം ഇപ്പോൾ ജീവിച്ചിരിക്കുന്നവർക്കും ഇനി വരാനിരിക്കുന്നവർക്കും ബാധകമാണ്. അവരുടെ മതവിശ്വാസങ്ങൾക്കും അവയുടെ ആചരണത്തിനും യാതൊരുവക ഇടപെടലുമുണ്ടാകില്ല. അവരുടെ അവകാശങ്ങളിൽ ഒരു ലംഘനവുമുണ്ടാകില്ല. ആരെയും ബിഷപ്പ് സ്ഥാനത്ത് നിന്ന് നീക്കില്ല, ഒരു സന്ന്യാസിയെയും തന്റെ മതത്തിൽനിന്ന് മാറ്റില്ല, ഒരു വൈദികനെയും തൽസ്ഥാനത്തുനിന്ന് നീക്കില്ല. ചെറുതും വലുതുമായ അവരുടെ എല്ലാ അവകാശങ്ങളും



അവർക്ക് തുടർന്നും ലഭ്യമാകും. അവരുടെ കുരിശോ സമാനമായ ബിംബങ്ങളോ ചിത്രങ്ങളോ നശിപ്പിക്കപ്പെടില്ല. അവർ അടിച്ചമർത്തപ്പെടുകയോ അടിച്ചമർത്താനായി അനുവദിക്കപ്പെടുകയോ ഇല്ല. അജ്ഞാനകാലത്തെ രക്തപ്രതികാരം അവർ നടത്തരുത്. അവർ പ്രത്യേകമായ നികുതി അടക്കേണ്ടി വരില്ല. അവർ സൈനികാവശ്യങ്ങൾക്ക് സാമ്പത്തിക പിന്തുണ നല്കേണ്ടി വരികയുമില്ല. അന്യോന്യമുള്ള തർക്കങ്ങളിൽ നീതി സമഗ്രമായി പാലിക്കപ്പെടും. നിങ്ങളെ ആരും അടിച്ചമർത്തുകയോ നിങ്ങൾ ആരേയും അടിച്ചമർത്തുകയോ ഇല്ല. നിങ്ങളിൽ പലിശ ഭുജിക്കുന്നവർക്ക് എന്റെ സംരക്ഷണം ലഭ്യമല്ല. മറ്റുള്ളവരുടെ കുറ്റത്തിന് വേറൊരാൾ ഉത്തരവാദിയായി പരിഗണിക്കപ്പെടില്ല. ഈ പ്രസ്താവനയിലുള്ള വാക്കുകൾക്ക് ദൈവവും അവന്റെ ദൂതനായ മുഹമ്മദും ഉത്തരവാദികളാണ്.[8]

ക്രൈസ്തവ വിശ്വാസികൾക്ക് അവരുടെ ജീവന്റെയും സ്വത്തിന്റെയും വീക്ഷണ സ്വാതന്ത്ര്യത്തിന്റെയും പൂർണ്ണ സംരക്ഷണം രണ്ട് രേഖകളും ഉറപ്പ് നല്കുന്നു. കൂടാതെ സൈനിക ചുമതലയിൽനിന്ന് വിമുക്തമായി നിൽക്കാനുള്ള സ്വാതന്ത്ര്യവും, സ്വന്തം ജഡ്ജിമാരെയും നേതാക്കളെയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും രേഖ ഉറപ്പു നൽകുന്നു.

ചാർട്ടറിലെ വാഗ്ദാനം സാർവ്വകാലികമായി അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്. സെന്റ് കാതറൈൻ ചർച്ചിലേക്ക് മാത്രമായി ഈ വാഗ്ദാനം പരിമിതപ്പെടുത്താനുള്ള നീക്കത്തെ ഇതിലെ പ്രമേയം ചെറുക്കുന്നു. അടുത്തും അകലെയുമുള്ള മുഴുവൻ ക്രൈസ്തവ സമൂഹത്തെയും സഖ്യശക്തിയായി പ്രഖ്യാപിച്ചുകൊണ്ട് മുസ്‌ലിംകൾക്ക് അവരുമായി ഊഷ്മളമായ ബന്ധം മാത്രമേ പാടുള്ളൂവെന്ന് രേഖ കൃത്യമായി നിർദ്ദേശിക്കുന്നു.

**മുസ്‌ലിംങ്ങളും ക്രൈസ്തവരും തമ്മിൽ നിലനില്ക്കേണ്ട പരസ്പര ബാന്ധവത്തിനുതകുന്ന പാലം നിർമ്മിക്കുന്നതിന് പ്രാധാന്യം നല്കിക്കൊണ്ടുള്ള ഒരു വാഗ്ദാന പത്രം ക്രിസ്ത്വാബ്ദം 626ൽ പുറപ്പെടുവിക്കപ്പെട്ടു. ഹിജ്റ 4 – ാം വർഷത്തിൽ സീനായിൽ നിന്നെത്തിയ ഒരു ക്രൈസ്തവ നിവേദക സംഘത്തിനായിരുന്നു മുഹമ്മദ് നബി ഈ അവകാശപത്രിക എഴുതിക്കൊടുത്തത്. ലാറ്റിനിൽ ഈ രേഖ അഹിത്നാമെ (പ്രതിരോധ വാഗ്ദാനം) എന്നാണ് അറിയപ്പെടുന്നത്.**

ക്രൈസ്തവരോട് മോശമായി പെരുമാറുന്നത് ദൈവവുമായുള്ള കരാറിന്റെ തന്നെ ലംഘനമാണെന്ന് രേഖ അവിതർക്കിതമാംവിധം വ്യക്തമാക്കുന്നു.

മുസ്‌ലിംകളുടെ സഖ്യകക്ഷിയായി മാറാൻ ക്രൈസ്തവർ അവരുടെ വിശ്വാസത്തിൽ (ത്രിത്വമടക്കം) ഒരു വ്യത്യാസവും വരുത്തേണ്ടതില്ല. ഇതിനുവേണ്ടി പണമോ മറ്റോ ആയ ഒരു ബാദ്ധ്യതയും മുസ്‌ലിംകളോട് അവർക്കില്ല. കടപ്പാടുകളേതുമില്ലാത്ത തികഞ്ഞ അവകാശപത്രിക തന്നെയാണിത്. മനുഷ്യാവകാശങ്ങളെക്കുറിച്ച പരികല്പനകൾ സുദൃഢമല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഈ അവകാശപത്രിക പുറപ്പെടുവിച്ചിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

സന്ന്യാസി മഠത്തിന്റെയും സന്ന്യാസികളുടെയും പൂർണ്ണ സംരക്ഷണം വാഗ്ദാനപത്രം ആവർത്തിച്ച് ഉറപ്പ് നൽകുന്നു. ഈജിപ്ത് നിയന്ത്രിച്ച പിൽക്കാല ഭരണാധികാരികൾ ഈ സന്ന്യാസി മഠത്തിന്റെ സുരക്ഷക്ക് ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയത് ഈ രേഖയുടെ സ്വാധീന ഫലമായാണ്. വഖ്ഫ് ചെയ്യപ്പെട്ട തുകയാണ് സെന്റ് കാതറൈൻ സന്ന്യാസി മഠത്തിന്റെ സംരക്ഷണത്തിന് ഉപയോഗിക്കുന്നത് എന്നതും ശുഭോദർക്കമാണ്. കൂടാതെ സൈപ്രസ്, ഗ്രീസ് എന്നീ ക്രൈസ്തവ മേഖലകളിലും, ഈജിപ്ത്, സിറിയ എന്നിവിടങ്ങളിലുമുള്ള റിയൽ എസ്റ്റേറ്റുകൾ ഈ ആവശ്യാർത്ഥം ഉപയോഗിച്ചു വരുന്നുണ്ട്.

7–ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അറേബ്യൻ സൈനിക ശക്തികൾ ഈജിപ്ത് പിടിച്ചെടുത്ത ശേഷവും ഈ സന്ന്യാസി മഠത്തിന് ഒരു പോറലുമേറ്റില്ല എന്ന് മാത്രമല്ല, ഇസ്‌ലാമിക ഭരണകൂടത്തിൽനിന്ന് കനത്തതോതിലുള്ള സഹായങ്ങളും സംരക്ഷണവുമാണ് അതിന് ലഭ്യമായത്. തീർച്ചയായും ഇതിന് നിമിത്തമായി ഭവിച്ചത് മുഹമ്മദ് നബി, സെന്റ് കാതറൈൻ സന്ന്യാസി മഠത്തിന് നൽകിയ അവകാശ പത്രിക തന്നെയാണ്.

**പുരാതന രേഖകളുടെ വൻ ശേഖരം**

വത്തിക്കാൻ ലൈബ്രറി കഴിഞ്ഞാൽ, ക്രൈസ്തവ ലോകത്തെ ഏറ്റവുമേറെ പുരാതന രേഖകൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന കേന്ദ്രമാണ് സെന്റ് കാതറൈൻ ചർച്ച്. 4–ാം നൂറ്റാണ്ടിലെ ഗ്രീക്ക് ബൈബിളായിരുന്ന സീനായ് കോഡക്സും, സിറിയൻ ഭാഷയിൽ വിരചിതമായ 5–ാം നൂറ്റാണ്ടിലെ സുവിശേഷത്തിന്റെ പ്രതിയും, 9–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ക്രൈസ്തവ പാതിരിയുടെ അറബി ജീവചരിത്രവും ഇവയിൽപ്പെടുന്നു.

ഗ്രീക്ക്, അറബി, സിറിയൻ കോപ്റ്റിക്, അർമേനിയൻ, ഹിബ്രു, സ്ലാവിക്, ജോർജ്ജിയൻ എന്നിങ്ങനെ 12 വ്യത്യസ്ത ഭാഷകളിലായി ഏതാണ്ട് 3330 പുരാതന കയ്യെഴുത്തു പ്രതികൾ ഈ സന്ന്യാസി മഠത്തിലുണ്ട്. മൊത്തമുള്ള 3300 രേഖകളിൽ 2250ലേറെ ഗ്രീക്ക് ഭാഷയിലും 600 എണ്ണം അറബി ഭാഷയിലുമാണ്. അറബി ഭാഷയിലെ ശേഖരത്തിൽ മിക്കതും ഫാത്തിമി ഭരണകാലത്തുള്ളതാണ് (എ.ഡി 909–1171).

അമൂല്യമായ ഈ പുരാതന രേഖകൾ 19–ാം നൂറ്റാണ്ടിന് ശേഷം അക്കാദമിക വൃത്തങ്ങളിൽനിന്നുള്ള ഒട്ടേറെപേരെ ആകർഷിച്ചിട്ടുണ്ട്. 18–19 നൂറ്റാണ്ടുകളിൽ ഈജിപ്റ്റോളജിയും പുരാതന രേഖാപഠനവും പ്രബലമായതോടെ മോണാസ്റ്ററിക്ക് ചരിത്ര പ്രാധാന്യം വർദ്ധിച്ചു. അതുവരെ അറിയപ്പെടാതിരുന്ന കോഡക്സ് സിനിയാട്ടിക്കസിന്റെ പ്രതി 2009 സെപ്തംബർ 1ന് പ്രസ്തുത സന്ന്യാസി മഠത്തിൽനിന്ന് കണ്ടെടുക്കപ്പെട്ടതായി ബ്രിട്ടനിലെ 'ഇൻഡിപെൻഡന്റ്' പത്രം റിപ്പോർട്ട് ചെയ്തു. [9]

ലോകത്തെ പുരാതന ഗ്രന്ഥശേഖരങ്ങളുടെ വൈവിധ്യത്തിലും കാലഘട്ടത്തിന്റെ പഴമയിലും വത്തിക്കാന് മാത്രമേ കിടനിൽക്കാനായുള്ളൂ. ലോകത്തെതന്നെ രണ്ടാമത്തെ പ്രാചീന ഗ്രന്ഥശേഖരവും സെന്റ് കാതറൈൻ സന്ന്യാസി മഠത്തിന്റേത് തന്നെയാണ്. മിക്ക ഗ്രന്ഥങ്ങളും അവയുടെ പ്രാചീനത പരിഗണിച്ച് ശാസ്ത്രീയ രൂപേണ സംരക്ഷിക്കപ്പെട്ടിരിക്കുകയാണിവിടെ. പ്ലേറ്റോയുടെയും, ഹോമറുടെയും രചനകളും, ബൈബിളിന്റെ കയ്യെഴുത്തു പ്രതികളും (4–ാം നൂറ്റാണ്ടിൽ എഴുതപ്പെട്ടവ) ഇവിടെ കണ്ടെത്താം. ഇവ കൂടാതെ 2000ലേറെ പ്രതിമകൾ, ചിത്രപ്പണികൾ, മതാനുഷ്ഠാനവുമായി ബന്ധപ്പെട്ട വസ്തുക്കൾ, പാശ്ചാത്യ ഓയിൽ പെയിന്റിംഗ്, മെഴുകിൽ നിർമ്മിച്ച പെയിന്റിങ്ങുകൾ എന്നിവയും നന്നായി പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. മദ്ധ്യപൗരസ്ത്യ ദേശത്തെ ഏറ്റവുമേറെ ജന്തു വൈവിദ്ധ്യങ്ങളുള്ള പരിസ്ഥിതി മേഖലയെന്ന നിലയിൽ മാത്രമല്ല മൂന്ന് മതവിഭാഗങ്ങളുടെയും ആത്മീയ സമന്വയ ഭൂമി എന്ന പരിഗണനയിലും കൂടിയാണ് 2002–ൽ യുനെസ്കോ വേൾഡ് ഹെറിട്ടേജ് സൈറ്റിൽ സെന്റ് കാതറൈൻ ചർച്ചും സന്ന്യാസി മഠവും (232 സ്ക്വയർ മൈൽ) ഉൾ

പ്പെടുത്തിയത്.

കെന്നത്ത് ക്ലാർക്ക് എന്ന യൂറോപ്യൻ ഗവേഷകൻ 1949-1950 കാലത്ത് ഈ സന്ന്യാസി മഠം സന്ദർശിച്ച് അവിടെയുണ്ടായിരുന്ന പുരാതന രേഖകൾ കാറ്റ്ലോഗ് ചെയ്തു. തുടർന്നവ മൈക്രോഫിലിമിലാക്കപ്പെട്ടു.(10)


യുനെസ്കോയുടെ ആഭിമുഖ്യത്തിൽ 1950 ൽ ത്തന്നെ ഇവ മൈക്രോഫിലിമിലാക്കി സൂക്ഷിക്കുന്നുണ്ട്. 6-ാം നൂറ്റാണ്ടു മുതലുള്ള രേഖകളാണ് പ്രധാനമായും ഇവ. ലാറ്റിൻ, ബൈസന്റൈൻ ശില്പകലയുടെ അതുല്യ രൂപങ്ങൾ ഇവിടെ കാണാം. അതോടൊപ്പം കെട്ടിടത്തിൽ ധാരാളം വാക്കുകൾ ഉല്ലേഖനം ചെയ്തിട്ടുമുണ്ട്.(11)

മതസംഘർഷങ്ങൾ പെരുകിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സെന്റ് കാതറൈൻ സന്ന്യാസി മഠത്തെ സംബന്ധിച്ച വിവരങ്ങൾ വിവിധ ഉൾക്കാഴ്ചകൾ നമുക്ക് നല്കുന്നുണ്ട്. സങ്കുചിതമായ മതബോധത്തിൽ നിന്ന് മുക്തിപ്രാപിച്ച് അപരനെസുഹൃത്തായി പരിഗണിക്കാനുള്ള ഹൃദയ വിശാലത ആർജ്ജിക്കുകയാണ് ഉദാത്തമായ ആത്മീയത എന്നതാണ് മുഹമ്മദ് നബിയുടെ വാഗ്ദാനപത്രം നല്കുന്ന പ്രധാന സന്ദേശം. അബ്രഹാമിക പാരമ്പര്യത്തിലുള്ള ഇസ്മായേലിന്റെ ഏകദൈവ സങ്കല്പം പുനഃസ്ഥാപിച്ചുക്കൊണ്ട് ധാർമ്മിക ബോധമുള്ള സമൂഹത്തെ സൃഷ്ടിക്കുകയാണ് മുഹമ്മദ് നബി ലക്ഷ്യമിട്ടിരുന്നത് എന്ന് ഡാവെൻപോർട്ട് കൃത്യമായി ചൂണ്ടിക്കാട്ടുന്നു.(12)

ഇസ്ലാമും ഇതര മതങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി വ്യാപകമായ തെറ്റിദ്ധാരണകൾ മുസ്ലിംകൾക്കിടയിലും അമുസ്ലിംകൾക്കിടയിലും നിലനില്ക്കുന്നുണ്ട്. ഇസ്ലാമേതര മതവിഭാഗങ്ങളെ ഉൾക്കൊള്ളാനാവാത്ത വിധം സങ്കുചിതമാണ് ഇസ്ലാമെന്ന് മുസ്ലിംകൾപോലും കരുതുന്നു. യഥാർത്ഥത്തിൽ എല്ലാ ദൈവദൂതന്മാരെയും ബഹുമാനത്തോടെ മാത്രം കാണാൻ മുസ്ലിംകൾ ബാദ്ധ്യസ്ഥരാണ്. എല്ലാ പൂർവ്വിക വേദഗ്രന്ഥങ്ങളിലും ദൈവത്തിന്റെ അരുളപ്പാടുകൾ അടങ്ങിയിരിക്കുന്നു എന്നും മുസ്ലിംങ്ങൾ വിശ്വസിക്കുന്നു. വിവിധ വിശ്വാസി സമൂഹങ്ങൾ, തങ്ങളുടെ വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ട് നന്മയിൽ ഒന്നിക്കുക എന്ന ആശയം ഖുർആൻ നിരന്തരമായി ആവർത്തിക്കുന്നു:

'മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും ദൈവം നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും ദൈവം നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു'.(60:7-8)'പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്'.(5:2)

മനുഷ്യർ ഒരൊറ്റ മാതാപിതാക്കളുടെ സന്തതികളാണെന്നും (49:13, 4:1) മാനവ സമുദായം അടിസ്ഥാനപരമായി ഒന്നാണെന്നും (2:216) ഖുർആൻ സിദ്ധാന്തിക്കുന്നു. അതുകൊണ്ട് തന്നെയാണ് ബിംബാരാധനയടക്കമുള്ളവയെ വിശ്വാസപരമായ അപഭ്രംശങ്ങളായി കരുതുമ്പോൾതന്നെ അവയെ അവമതിക്കുന്നതിനെതിരെ ഖുർആൻ താക്കീത് ചെയ്യുന്നത്: 'അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്'.(6:108)



MS 574
Syriac estrangela book script. Mt. Sinai, Egypt, 9th c.

എല്ലാ ജനവിഭാഗങ്ങളുടെയും ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് ഖുർആൻ പറയുന്നു (22:39-40). വിവിധ മതസമൂഹങ്ങൾ തമ്മിൽ സമാധാനപരമായ സഹവർത്തിത്വം പൊതുനയമായി സ്വീകരിക്കണമെന്ന് ഖുർആൻ നിർദ്ദേശിക്കുന്നതിന്റെ(13) പശ്ചാത്തലമിതാണ്.

യേശുവിനെ നിന്ദാർഹമാംവിധം ചിത്രീകരിച്ച ജൂതപരീശന്മാരുടെ വാദങ്ങൾക്ക് (അവ തൽമൂദിൽ വ്യാപകമാണ്) വിരുദ്ധമായി യേശുവിന്റെ പരിശുദ്ധയിലും മഹത്വത്തിലും മുസ്ലിംകൾ വിശ്വസിക്കേണ്ടതുണ്ട്.(14) മർയമിനെ പതിവ്രത, സത്യസന്ധയായ മാതൃകാ മഹിള എന്നിങ്ങനെ ഖുർആൻ വാഴ്ത്തുന്നു.(15) മതവിശ്വാസങ്ങളിലെ വൈവിധ്യത്തെ ദൈവനിശ്ചിതങ്ങളായാണ് ഖുർആൻ ദർശിക്കുന്നത്.(16)

നീതിയും മനുഷ്യസ്വാതന്ത്ര്യവും മാനവികതയും ഉയർത്തിപ്പിടിക്കാനുള്ള സ്വാർത്ഥരഹിതമായ ത്യാഗപരിശ്രമമാണ് ഖുർആനിക വീക്ഷണത്തിൽ ജിഹാദ്.(17) ഏവരുടെയും വിശ്വാസ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് നീതിപൂർവ്വകമായ ഒരു ധാർമ്മിക സമൂഹം കെട്ടിപ്പടുക്കുന്നതിൽ എല്ലാ മതവിശ്വാസികളും കൈകോർക്കണമെന്നതാണ് ഖുർആന്റെ മുഖ്യമായ സന്ദേശങ്ങളിലൊന്ന്.(18)

**4–ാം ഖലീഫ അലി ഇബ്നു അബീതാലിബിന്റെ കൈപ്പടയിലുള്ള ഈ രേഖക്ക് അലിക്ക്പുറമെ, ഉമർ ഇബ്നുൽ ഖത്ത്വാബ് അടക്കമുള്ള 12 പേർ സാക്ഷികളായി ഒപ്പുവച്ചിരിക്കുന്നു.**

ഇസ്ലാമേതര മതങ്ങളുടെ മുഴുതത്ത്വങ്ങളും വ്യാജങ്ങളാണെന്ന് ഖുർആൻ സിദ്ധാന്തിക്കുന്നില്ല. മത വൈവിധ്യങ്ങൾ ചരിത്രത്തിന്റെ ഉല്പന്നമാണെന്ന് അത് കരുതുന്നു. കാലം, സ്ഥലം, മുൻവിധി, സ്വകീയ താൽ പര്യങ്ങൾ എന്നിവയാൽ ചരിത്രം സ്വാധീനിക്കപ്പെടുന്നു. ഈ മതവൈവിധ്യങ്ങൾക്കപ്പുറം ദൈവത്തിന്റെ ആദിമ മതം നിലകൊള്ളുന്നു; അതിലാണ് എല്ലാ മനുഷ്യരും പിറന്നു വീഴുന്നത്. അതുകൊണ്ട്തന്നെ എല്ലാ പൂർവ്വിക മതങ്ങളെയും ആദരവോടെയാണ് ഇസ്ലാം കണ്ടിട്ടുള്ളത്:

വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്-അവരിൽ നിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുക: ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാകുന്നുട.(29:46)

യേശുക്രിസ്തുവിന്റെ ആദ്യകാല ശിഷ്യന്മാർ അനുഭവിച്ച പീഡാനുഭവങ്ങളെ ഖുർആൻ ഉജ്ജ്വലമാംവിധം മഹത്വപ്പെടുത്തുന്നു (85:4–8). ജൂത-ക്രൈസ്തവ വിഭാഗക്കാർ മഹാന്മാരായ പ്രപിതാക്കളായി കരുതുന്ന നോഹ, അബ്രഹാം, ഇസ്ഹാക്ക്, യാക്കോബ്, ദാവീദ്, സോളമൻ എന്നിവരെ സന്മാർഗികളായ മാർഗദീപങ്ങളായി ഇസ്ലാം കരുതുന്നു. (ഖുർആൻ 2:136)

നജ്റാനിൽനിന്ന് വന്ന ക്രൈസ്തവ സംഘത്തെ മസ്ജിദുന്നബവി എന്ന മദീനാമസ്ജിദിൽ മുഹമ്മദ് നബി സ്വീകരിച്ചു. ബനൂ ഹാരിസിലെ ബിഷപ്പ് അബുൽ ഹാരിസ് ആയിരുന്നു 14 അംഗ സംഘത്തിന്റെ നേതാവ്. ബനൂ കിന്ദഃയിൽ നിന്നുള്ള അബ്ദുൽ മസീഹ് എന്ന പണ്ഡിതനും സംഘത്തിലുണ്ടായിരുന്നു.[19] പ്രതിനിധി സംഘത്തിന്റെ പ്രാർത്ഥന മസ്ജിദിൽവച്ച്തന്നെ നിർവ്വഹിക്കുവാൻ നബി അവസരം നൽകി.[20]

മനുഷ്യവംശം ഒരൊറ്റ സമുദായമാണെന്നും[21] ആദമിന്റെ മക്കളെന്ന നിലയിൽ എല്ലാ മനുഷ്യർക്കും മഹത്വമുണ്ടെന്നും എല്ലാ ജനതയിലേക്കും ദൈവദൂതന്മാർ ആഗതരായിട്ടുണ്ടെന്നും[22] അവരിലാരോടും വിവേചനം പാടില്ലെന്നുമുള്ളത്(2:136) ഖുർആനിക പ്രമേയങ്ങളാണ്. തങ്ങൾ മാത്രം മോക്ഷാർഹരാണെന്ന വിവിധ ജനവിഭാഗങ്ങളുടെ അവകാശവാദത്തെ ഖുർആൻ ആവർത്തിച്ചു ഖണ്ഡിക്കുന്നു.[23] വേദക്കാരിലെ നന്മകളെ ഖുർആൻ പുകഴ്ത്തുകയും, അവരിലെ ദൈവഭക്തരെ അഭിനന്ദിക്കുകയും ചെയ്യുന്നു ഖുർആൻ.[24] പൊതുവായ ദർശനത്തിലേക്ക്, യോജിക്കാവുന്നിടത്തോളം യോജിക്കാനാണ് ഖുർആന്റെ ആഹ്വാനം.[25]

വിവിധ വിശ്വാസി സമൂഹങ്ങളുടെ സഹവർത്തിത്വത്തിന്റെ ഉദാത്തമായ മാതൃക നല്കിക്കൊണ്ട് കഴിഞ്ഞ 1300ലേറെ വർഷങ്ങളായി സെന്റ് കാതറൈൻ സന്ന്യാസി സഭയുടെ ഭാഗമായ ഹോളി സെപ്പൾച്ചർ ദേവാലയത്തിന്റെ താക്കോൽ സൂക്ഷിപ്പുകാർ മുസ്ലിംകളായ നുസൈബ കുടുംബക്കാരാണ്. ക്രിസ്തു സ്വർഗാരോഹണം നടത്തിയത് ഇവിടെ നിന്നാണു എന്നാണ് ക്രൈസ്തവ പാരമ്പര്യ വിശ്വാസം.

ഉമയ്യഃ ഭരണകാലത്ത് സ്പെയ്നിലും, അബ്ബാസി ഭരണകാലത്ത് ബഗ്ദാദിലും ക്രൈസ്തവരും, ജൂതരും, മുസ്ലിംകളും തുല്യ പൗരത്വത്തോടെ കഴിഞ്ഞിരുന്നു. വിദ്യാർത്ഥികളുടെ താമസ-പഠന ചെലവുകൾ ഭരണകൂടമാണ് വഹിച്ചിരുന്നത്.

ബൈസന്റൈൻ സാമ്രാജ്യം തകരുകയും അവരുടെ സ്വാധീനം നിലംപൊത്തുകയും ചെയ്യുമ്പോഴായിരുന്നു മുസ്ലിംകൾ ക്രിസ്ത്വബ്ദം 640ൽ ഈജിപ്ത് പിടിച്ചത്. എന്നാൽ, അവർ സെന്റ് കാതറൈൻ സന്ന്യാസി മഠത്തെ അത്യന്തം ആദരവോടെ മാത്രമാണ് ദർശിച്ചിരുന്നത്. ഇതിന് കാരണം നബിയുടെ വാഗ്ദാന പത്രിക തന്നെയായിരുന്നു.[26] ഫാത്തിമി ഭരണകാലത്ത് (910–1171) തുടർച്ചയായി വന്ന ഖലീഫമാർ പ്രവാചകന്റെ വാഗ്ദാനങ്ങൾ ആവർത്തിച്ചുറപ്പിക്കുകയുണ്ടായി. ഈ രേഖകൾ ഫാത്ത്വിമി ഖിലാഫത്തിനെപ്പറ്റിയുള്ള അടിസ്ഥാന രേഖയായി ഇന്നും ഇവിടെ അവശേഷിക്കുന്നു.[27]

ലത്തീൻ ക്രൈസ്തവരും മുസ്ലിംകളും തമ്മിൽ പരസ്പരം ഏറ്റുമുട്ടിയ കുരിശുയുദ്ധവേളയിലും സ്വലാഹുദ്ദീൻ അയ്യൂബി(1138–1193)യുടെ ഭരണകാലത്തും ഭക്തന്മാരായ തീർത്ഥാടകർക്കും സെന്റ് കാതറൈൻ മൊണാസ്റ്ററിയിൽ ഒരു കുറവുമുണ്ടായിരുന്നില്ല.

1106ൽ ഈ സന്ന്യാസമഠത്തിന്റെയടുത്ത് ഒരു മസ്ജിദ് നിർമ്മിക്കുന്നതിന് ക്രൈസ്തവ സന്ന്യാസികൾ അനുവാദം നൽകി. അബുൽ മൻസ്വൂർ എന്ന ഗവർണറുടെ അഭ്യർത്ഥനയനുസരിച്ചായിരുന്നു ഈ അനുവാദം.[28] ഇരുകൂട്ടരും തമ്മിൽ നിലനിന്ന സൗഹാർദ്ദത്തിന്റെ മാതൃകയായി, ബഹുസ്വരതയുടെയും, മതസഹിഷ്ണുതയുടെയും മകുടോദാഹരണമായി ഇരു ദേവാലയങ്ങളും നിലകൊള്ളുന്നു.[29]

**വിശുദ്ധ കാതറൈൻ മഠം നല്കുന്ന സന്ദേശം**

14–ാം നൂറ്റാണ്ടിൽ ഇവിടം 200 സന്ന്യാസികൾ വരെ സ്ഥിരതാമസക്കാരായുണ്ടായിരുന്നു; ഇന്നവരുടെ

സംഖ്യ 20 മാത്രം. ദിനേന 2000ത്തോളം പേർ ഈ സന്യാസി മഠം സന്ദർശിക്കുന്നതായി കണക്കാക്കപ്പെടുന്നു. 2017ഓടെ ദിനേന 8200 പേർ എന്ന നിരക്കിലേക്ക് ടൂറിസ്റ്റുകളുടെയും തീർത്ഥാടകരുടെയും സംഖ്യ ഉയരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ഒരു സഹസ്രാബ്ദത്തിലേറെയായി ഈ ആത്മീയ കേന്ദ്രം നശിപ്പിക്കപ്പെടാതെ പരിരക്ഷിക്കപ്പെട്ട് പോരുന്നതെന്തുകൊണ്ടാണ്? മുഹമ്മദ് നബി ഉയർത്തിപ്പിടിച്ച മതസൗഹാർദ്ദവും അതിനുപോൽബലകമായി അദ്ദേഹം പുറപ്പെടുവിച്ച അവകാശ പത്രികയും ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിച്ചു എന്ന കാര്യത്തിൽ സന്ദേഹമില്ല.

ഒരു പ്രാചീന രേഖ എന്നതിലപ്പുറം മുസ്‌ലിംകളും ക്രൈസ്തവരും തമ്മിലുള്ള സൗഹൃദത്തിന്റെ പാലം നിർമ്മിക്കുന്നതിനുതകുന്ന ഉദാത്തമായ രേഖകൂടിയാണിത്. വർഗീയമായ അസഹിഷ്ണുതകളിൽ നിന്ന് വിട്ടുമാറി വിശ്വാസി സമൂഹങ്ങൾ പരസ്പരം രമ്യതയിലാകാനുള്ള മാർഗരേഖയും ഇത് സമർപ്പിക്കുന്നുണ്ട്. സെന്റ് കാതറൈൻ സന്ന്യാസി മഠത്തിൽ മാത്രം പരിമിതപ്പെടുത്തേണ്ട പരസ്പര ബന്ധത്തെക്കുറിച്ചല്ല രേഖ സംസാരിക്കുന്നത് എന്നുമോർക്കേണ്ടതുണ്ട്. എന്തെന്നാൽ യഥാർത്ഥ സ്നേഹത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും മഹിതമായ പാഠങ്ങളാണ് മുഹമ്മദ് നബി പുറപ്പെടുവിച്ച അവകാശപത്രിക നല്കുന്നത്. ക്രൈസ്തവരോട് മോശമായി പെരുമാറുന്നവർ ദൈവത്തോടുള്ള വാഗ്ദാനം ലംഘിക്കുന്നവരായി രേഖ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു.

ഈ സന്ന്യാസിമഠത്തിന്റെ സ്ഥാപനത്തിനു ശേഷം ലോകം ഒരുപാട് മാറിക്കഴിഞ്ഞു. ബൈസന്റൈകാർ, ഫാത്തിമികൾ, കുരിശുയോദ്ധാക്കൾ, തുർക്കി ഖിലാഫത്ത് എന്നിവർ ഈ മേഖലയിൽ മാറി മാറി ആധിപത്യം വാണു. വൈദ്യുതിയും, ഓട്ടോമൊബൈലും, കമ്പ്യൂട്ടറും മറ്റു പലതും വന്നു. എന്നിട്ടും ഈ സന്ന്യാസി മഠത്തിന്റെ അടിസ്ഥാന സ്വഭാവം കഴിഞ്ഞ 14 നൂറ്റാണ്ടുകളിലേറെയായി സ്ഥായിയായി നില്ക്കുന്നു. കാതറൈൻ സന്ന്യാസി മഠത്തിലെ സന്ന്യാസിമാർ നൂറ്റാണ്ടുകളായി പ്രാർത്ഥനകളിലാണ്. ലോകമെങ്ങുമുള്ള തീർത്ഥാടകർ മോശയുടെ മലയുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന ചർച്ചും മഠവും സന്ദർശിക്കാൻ ഒഴുകിക്കൊണ്ടിരിക്കുന്നു.

**കുറിപ്പുകൾ:**


1. Kurt Wetzmann, Illustrated Manuscripts at Catherine's Monastery on Mount Sinai, St. John's University Press: Minnesota, 1973, p.5
2. Fr. Joseph Vann (Ed.), Lives of Saints, John J. Crawley & Co: New York, 1954, p.30-32
3. Aziz Suryal Atiya, The Monastery of St. Catherine in Mount Sinai, MISR S.A.E: Cairo, 1950, p.19
4. Ibid, p.19-20
5. http://www.sinaimonastery.com/
6. John Davenport, An Apology for Muhammed and the Koran, Dryden Press: London, 1882 (1869), p.142
7. അബുൽ ഫിദ, ഇബ്നുൽ അസീർ, അൽ വാഖിദി എന്നീ പൗരാണിക മുസ്‌ലിം ചരിത്രകാരന്മാർ ഈ സംഭവം വിവരിച്ചിട്ടുണ്ട്. (Ahmad A. Galwash, The Religion of Islam, Islamic Message Society: Alexandria, 2002 (1958), p.53
8. Al-Bidayah wa an-Nihayah (The Beginning and the End), 5/67 and Ibnul-Qayyim, Zad al-Ma'ad (The Provisions for the Hereafter), 3/549. ഈ രേഖയുടെ ഇംഗ്ലീഷ് തർജ്ജുമക്ക് നോക്കുക: Maryam Sakeenah, Us versus Them and Beyond, The Other Press: Selangor, Kualalampur, 2010, p.41
9. Kenneth W. Clark, Checklist of Manuscripts in St. Katherine's Monastery, Mount Sinai, Microfilmed for the Library of Congress, Library of Congress: Washington, 1952, p.vii
10. Fragments from the World's Oldest Bible Found Hidden in Egyptian Monastery, The Indepent, 2 September 2009
11. John Galey, Sinai and the Monastery of St. Catherine, The American University in Cairo Press: Cairo, 1985, p.43. ഈ സംഭവം ത്വബരി, ഇബ്നു കസീർ, റാസി, ഖുർത്വുബി എന്നീ മുസ്‌ലിം ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്.
12. John Davenport, An Apology for Muhammed and the Koran, Dryden Press: London, 1882 (1869), p.141-153
13. ഖുർആൻ 5:2, 4:36, 60:13, 5:51, 5:81, 58:1
14. ഖുർആൻ 3:56-60, 19:16-40, 4:157-159, 4:171-172
15. ഖുർആൻ 66:12, 5:75, 66:12
16. ഖുർആൻ 5:48, 30:22, 2:148
17. ഖുർആൻ 4:75, 2:190, 16:110, 16:126
18. ഖുർആൻ 4:1, 5:8, 4:85, 16:90, 2:148, 3:64, 42:15
19. Sir Muhammad Zafarullah Khan, Muhammad: Seal of the Prophets, Routledge: London, 1980, p.247
20. Robert G. Hoyland, Seeing Islam as Others Saw It, The Darwin Press, Inc: Princeton, NJ, 2001 (1995), p.127
21. ഖുർആൻ 4:1, 10:19, 2:213, 17:70
22. ഖുർആൻ 35:24, 13:7, 16:36, 35:24
23. ഖുർആൻ 2:62, 2:111-112
24. ഖുർആൻ 3:113-114, 3:199, 5:66, 5:82-83, 57:27
25. ഖുർആൻ 3:64, 29:46, 2:139
26. Aziz Suryal Atiya, The Monastery of St. Catherine in Mount Sinai, MISRA AE: Cairo, 1950, p.17. ഗ്രീക്ക് ചരിത്രകാരനായ അമൻഡോസ് എഴുതിയത് സീനായ് മഠം ഇത്രനാൾ അതിജീവിച്ചതിന് കാരണം മുഹമ്മദ് നബിയും അനുയായികളും നൽകിയ സംരക്ഷണവും ഈജിപ്തിലെ മുസ്‌ലിം ഭരണാധികാരികളുടെ വമ്പിച്ച പിന്തുണയുമായിരുന്നുവെന്നാണ്. (ഉദ്ധരണം: Athanasios Paliouras, St. Catherine's Monastery, Hiera Mani Sina, E. Tzafer: Sinai, 1985, p.16)
27. Stern S.M., Fatimid Decrees: Original Documents from the Faimid Chancery, Faber & Faber: London, 1964
28. Suryal Aziz Atiya, Op. Cit, p.43
29. Ibid


*(ലേഖകൻ എറണാകുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ഇന്റർഫെയ്ത്ത് ഡയലോഗ് ഇന്ത്യയുടെ സെക്രട്ടറിയാണ്.* വിലാസം: വി.എ. മുഹമ്മദ് അശ്റഫ്, *പി.ബി. നമ്പർ 3112, കൊച്ചി-682030.*
E-mail: vamashrof@gmail.com ഫോൺ: 9995377536)